I ഇ.ബി. XII-കേരള നിയമസഭ /V-7

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം
## (ചോദ്യോത്തരങ്ങൾ ഒഴികെ)

2007 ജൂൺ 29, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പൂർത്തീകരണം

മി. സ്പീക്കർ : വൈദ്യുതി ബോർഡിൽ 14 ചെറുകിട ജല വൈദ്യുത പദ്ധതികൾ ഗ്ലോബൽ ടെൻഡർ വിളിക്കാതെ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ചൈനീസ് കമ്പനിക്ക് കൊടുക്കാൻ നടത്തുന്ന നീക്കത്തിലും ചൈനീസ് കമ്പനി നിർമ്മിച്ച ചെറുകിട ജലസേചന പദ്ധതിയുടെ പ്രവർത്തനത്തിലുണ്ടായ ന്യൂനത നിമിത്തം കൊടുക്കാതിരുന്ന പണം ധനകാര്യ നികുതി വിദഗ്ദ്ധന്മാരുടെ ഉപദേശമാരായാതെ കൊടുക്കാൻ തീരുമാനിച്ചതിലുള്ള ആശങ്കയും പ്രതിഷേധവുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ബാബു, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ.കെ. ഷാജു, കെ. ബി.

ഗണേഷ് കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഇലക്ട്രിസിറ്റി ആവശ്യങ്ങൾ നിറവേറ്റുന്നതിന് വൈദ്യുതി ഉൽപ്പാദനം പരമാവധി വർദ്ധിപ്പിച്ച് 2012 ആകുമ്പോഴേയ്ക്കും 2000 മെഗാവാട്ടെങ്കിലും കൂടുതലായി ഉൽപ്പാദിപ്പിക്കേണ്ടതുണ്ട്. പുതിയ വൻകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കുന്നതിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ വരുമെന്നതിനാൽ പരമാവധി ചെലവ് കുറഞ്ഞതും പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാത്തതുമായ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് പ്രാധാന്യം നൽകണമെന്ന കാഴ്ചപ്പാടോടുകൂടി 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിച്ചെടുക്കാനുള്ള ധാരണാപത്രത്തിൽ സംസ്ഥാന സർക്കാരും ഇന്റർനാഷണൽ നെറ്റ്വർക്ക് ഓൺ സ്മാൾ ഹൈഡൽ പവറും (ഇൻഷിപ്പ്) തമ്മിൽ ഒപ്പുവയ്ക്കുകയുണ്ടായി. ഈ ധാരണാപത്രത്തിന്റെ കാലാവധി പ്രാരംഭത്തിൽ ഒരു വർഷത്തേയ്ക്കും അതിനുശേഷം പരസ്പര സഹകരണത്തോടുകൂടി കാലാവധി കൂടുതൽ ദീർഘിപ്പിക്കാനുള്ള തീരുമാനവും ആ എം.ഒ.യു.വിൽ ഉണ്ടായിരുന്നു. അതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. യും ഇൻഷിപ്പും തമ്മിൽ പ്രാരംഭത്തിൽ 4 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ 1998 മേയ് 4-ന് എം.ഒ.യു. ഒപ്പുവച്ചു. അതിന്റെ തുടർച്ചയാണ് ഇപ്പോൾ നടക്കുന്നത്. ശേഷിക്കുന്ന 14 പദ്ധതികളിൽ പത്തെണ്ണം കോഴിക്കോട് ജില്ലയിലും നാലെണ്ണം പത്തനംതിട്ട ജില്ലയിലുമാണ്. ചെമ്പുകടവ് -I, II

ഉറുമി -I, II എന്നീ പദ്ധതികളാണ് പൂർത്തിയാക്കിയത്. അവ 2004 ജനുവരിയിൽ പൂർത്തീകരിച്ച് ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയെല്ലാം യു.ഡി.എഫ്. ഭരണകാലത്ത് പൂർത്തീകരിച്ചതാണ്. യുനിഡോയുടെ ഒരു റീജിയണൽ സെന്റർ തിരുവനന്തപുരത്ത് സ്ഥാപിച്ചത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ഈ സ്ഥാപനവുമായി 13.06.2007- ൽ ചർച്ച നടത്തി. 1998-ലെ എം.ഒ.യു. പുതുക്കുന്നത് സംബന്ധിച്ച് അവലോകനം നടത്താനും ബാക്കി 14 പദ്ധതികളുടെ സാമ്പത്തിക സാങ്കേതികവശങ്ങൾ സംബന്ധിച്ച് ചർച്ച നടത്താനുമുള്ള അനുമതിക്കായി കേരള സർക്കാരിനെ സമീപിക്കാൻവേണ്ട പ്രാഥമിക നടപടിക്രമങ്ങൾ ആരംഭിച്ചു. ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് പദ്ധതി നിർവ്വഹണം സംബന്ധിച്ച തീരുമാനം സർക്കാർ അവസാനം എടുക്കും. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ എം.ഒ.യു. റിന്യൂചെയ്ത് ശേഷിക്കുന്ന 14 പദ്ധതികൾ അന്തർദ്ദേശീയ സ്ഥാപനത്തിന് കൊടുക്കണമോ എന്ന കാര്യം തീരുമാനിക്കാൻ കഴിയൂ. പൂർത്തീകരിച്ച 4 പദ്ധതികളുടെ തുക നൽകാൻ സർക്കാരിന്റെ അനുമതി ആവശ്യമില്ല. കരാർ വ്യവസ്ഥകൾ അനുസരിച്ച് നൽകേണ്ട തുക ബോർഡാണ് തീരുമാനിക്കുന്നത്. ഏത് കരാർ പ്രകാരവും പദ്ധതി നൽകുമ്പോൾ കരാർ തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റും മറ്റൊരു 5 ശതമാനം ബില്ലുകളിൽനിന്നുമുള്ള റീട്ടെൻഷൻ മണിയും പിടിക്കും. അങ്ങനെ 10 ശതമാനം റീറ്റെയിൻ ചെയ്ത ശേഷം ബാക്കി തുക കൊടുക്കും. പദ്ധതി പൂർത്തീകരണം തൃപ്തികരമാണെന്ന് കണ്ടാൽ മാത്രമേ ഈ 10 ശതമാനം തുക റിലീസ് ചെയ്യുകയുള്ളൂ. ഈ തുക

റിലീസ് ചെയ്യാൻ ചൈനീസ് പ്രതിനിധി അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന് പല പ്രാവശ്യം കത്തുകളെഴുതിയിട്ടും അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല. ഈ തുക ഇപ്പോൾ റിലീസ് ചെയ്യാൻ ബോർഡ് തീരുമാനിച്ചിട്ടേയുള്ളൂ. തുക റിലീസ് ചെയ്യണമെങ്കിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അനുവാദം വേണം, ഗവൺമെന്റ് തീരുമാനിക്കണം, ആർ.ബി.ഐ. യുടെ സാംഗ്ഷനും വേണം. മറ്റ് പദ്ധതികൾക്കായി എം. ഒ.യു. ഒപ്പുവച്ചിട്ടില്ല.

<u>ശ്രീ. കെ. ബാബു :</u> 13.06.2007-ന് മന്ത്രി നടത്തിയ ചർച്ചയിൽ തുക നൽകാമെന്നാണ് പറഞ്ഞിട്ടുള്ളത്. ചൈനീസ് കമ്പനിയുടെ വിദഗ്ദ്ധോപദേശം ലഭിക്കാത്തതിനാലും അക്സെപ്റ്റൻസ് ടെസ്റ്റ് നടത്താത്തതിനാലും എഗ്രിമെന്റനുസരിച്ച് സ്പെയർ പാർട്ട്സ് കിട്ടാത്തതിനാലും പദ്ധതി സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. സ്മാൾ ഹൈഡൽ പ്രോജക്ടുകൾക്ക് യു.ഡി.എഫ്. എതിരല്ല. സംസ്ഥാനത്തെ മഴക്കുറവ് കൊണ്ട് ഒരു വർഷത്തിൽ 4 മാസം മാത്രമേ ഹൈഡൽ പ്രോജക്ടുകൾ പ്രവർത്തിക്കുകയുള്ളൂ. ഗ്ലോബൽ ടെൻഡറും ദേശീയ തലത്തിൽ ടെൻഡറുകളും ക്ഷണിച്ച് കോമ്പറ്റിറ്റീവാക്കി നിർമ്മാണച്ചെലവ് കുറച്ചുകൊണ്ടുവരണം. കോൺട്രാക്ടർമാരേയും സാങ്കേതിക വിദഗ്ദ്ധരേയും ഉപയോഗിച്ച് ചെറിയ. പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കണം. ചെലവ് കൂടുതൽ വരുന്ന പദ്ധതികളുടെ കാര്യത്തിൽ കോമ്പറ്റിറ്റീവ് ആയ ഗ്ലോബൽ ടെൻഡറിനുള്ള അവസരം നഷ്ടപ്പെടുത്തി ചൈനീസ് കമ്പനിയുമായുള്ള 1998-ലെ എം.ഒ.യു. പുതുക്കി നടത്താൻ പോകുന്ന കരാറിൽ

അഴിമതിക്കുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് ടെൻഡർ വിളിക്കാതെ 14 എസ്.എച്ച്.പി.കളുടെ പണി നടത്താനുള്ള ഗവൺമെന്റിന്റെ നീക്കം ഉപേക്ഷിക്കണം. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ അപകടത്തിലാകാൻ സാധ്യതയുള്ള ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ): 1998-ലെ എം.ഒ.യു. പുതുക്കി 14 എസ്.എച്ച്.പി.കൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന ഉത്തമ വിശ്വാസത്തിലാണ് ഇതിന് തുടക്കംകുറിച്ചത്. ഇതുവഴി 5 വർഷംകൊണ്ട് 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പവർ ഓൺ ഡിമാന്റ്, അഫോർഡബിൾ താരിഫ്, സ്റ്റേബിൾ ഇലക്ട്രിസിറ്റി എന്നിവ ജനങ്ങൾക്ക് കൊടുക്കാൻ കഴിയണമെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. യു.എൻ.ഒ. -യുടെ നിയന്ത്രണത്തിലുള്ള സ്ഥാപനമായതുകൊണ്ട് കൈക്കൂലിയുടെ പ്രശ്നം വരുന്നില്ല. ചൈനീസ് കമ്പനിക്ക് കൊടുക്കുന്നതുമൂലം കേരളത്തിൽ ടെൻഡർ കൊടുക്കുന്നതിനേക്കാൾ ചെലവു കുറവായിരിക്കുമെന്ന കാര്യത്തിൽ ഉറപ്പുണ്ട്. നിലവിലുള്ള റേറ്റിനേക്കാളും കൂടുന്ന സാഹചര്യമുണ്ടായാൽ ഈ എം.ഒ.യു-വുമായി മുന്നോട്ടുപോകുന്ന പ്രശ്നമില്ല. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാമെന്ന ഉറപ്പുണ്ടെങ്കിൽ മാത്രമേ എം.ഒ.യു.-വുമായി മുന്നോട്ടുപോകുകയുള്ളൂ. ഇക്കാര്യത്തിൽ ഒരു ആശങ്കയ്ക്കും വകയില്ല. എം.ഒ.യു. ഒപ്പിടുകയോ കാശ് കൊടുക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> 13-6-2007-ന് വകുപ്പുമന്ത്രി ചൈനയിൽ പോയി പ്രസ്തുത കമ്പനിയുമായി പരസ്യമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തണം. 2007 ജൂൺ മാസം 7-ാം തീയതി അവയിലബിൾ ബോർഡിന്റെ യോഗം അടിയന്തിമായി കൂടി രൂപ കൊടുക്കാൻ തീരുമാനിച്ച് അന്നുതന്നെ ഓർഡർ ഇറക്കുകയും ചെയ്തത് സംശയമുളവാക്കുന്നു. ചെറുകിട ജലവൈദ്യുത പദ്ധതികൾ കൊണ്ടുവരുന്നതിനെ എതിർക്കുന്നില്ല. ഈ സ്ഥാപനം നേരത്തെ പൂർത്തീകരിച്ച പദ്ധതികളുടെ ജനറേറ്ററിന്റെയും മെഷിനറിയുടെയും ക്വാളിറ്റിയെ സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡിന് പരാതിയുണ്ടായ സാഹചര്യത്തിൽ ഇപ്പോഴത്തെ നടപടി പരിശോധിക്കേണ്ടതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ക്ഷണിച്ചതും ഇലക്ഷൻ പ്രഖ്യാപിച്ചതുകാരണം പൊട്ടിക്കാൻ സാധിക്കാത്തതുമായ ടെൻഡറുകൾ പരിശോധിച്ച് മെച്ചമായവ അംഗീകരിക്കണം. ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങൾ സുതാര്യമായിരിക്കണം.

<u>ശ്രീ. എ. കെ. ബാലൻ:</u> യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പൂർത്തീകരിച്ച പദ്ധതികളുടെ അവലോകനം, 1998-ലെ എം. ഒ. യു. വിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന 14 ചെറുകിട ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട് ഇ.എം.സി.യുടെ നേതൃത്വത്തിൽ നടത്തുന്ന അന്തർദേശീയ സെമിനാർ, എനർജി മാനേജുമെന്റ് സെന്റർ ശക്തിപ്പെടുത്തൽ എന്നിവ സംബന്ധിച്ച ചർച്ചയുടെ മിനിറ്റ്സ് മേശപ്പുറത്തുവയ്ക്കാൻ തയ്യാറാണ്. ഇതിന്റെ ഉള്ളടക്കത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് എതിരായിട്ടെന്തെങ്കിലുമുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ തിരുത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്. പൂർത്തീകരിച്ച പദ്ധതികളുടെ തുക

28-10-2004-ന് തന്നെ റിലീസ് ചെയ്ത് കൊടുക്കണമെന്ന് അന്ന് തീരുമാനിച്ച താണ്. അരിയേഴ്സ് കൊടുക്കാൻ ബാക്കിയുണ്ടെങ്കിൽ കൊടുക്കണം. പൂർത്തീകരിച്ച പദ്ധതിയെ സംബന്ധിച്ച് ഈ കമ്പനിയുടെ പേരിൽ കേസ്സോ ആക്ഷേപമോ വരാത്ത സാഹചര്യത്തിൽ പണം കൊടുക്കേണ്ടതാണ്. ഇതിന്റെ ഉപകരണങ്ങൾ സംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്. യു.ഡി.എഫ്. സർക്കാർ തുക കൊടുക്കാൻ എടുത്ത തീരുമാനം ഈ ഗവൺമെന്റ് ഒന്നുകൂടി ശക്തിപ്പെടുത്തുകയാണ് ചെയ്തത്. ആഡിറ്റിനുശേഷം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അംഗീകാരമില്ലാതെ പണം കൊടുക്കാൻ സാധിക്കില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

## ശ്രദ്ധ ക്ഷണിക്കൽ

(1) വിള ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. സി. ജോസഫ്: സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കാലവർഷക്കെടുതിയിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഉണ്ടായത്. കെടുതികളുണ്ടായാൽ നിലവിലുള്ള നോംസ് അനുസരിച്ച് നാമമാത്രമായ സഹായമാണ് നഷ്ടപരിഹാരമായി ഇന്ന് ലഭിക്കുന്നത്. ഇൻഷ്വറൻസ് കവറേജില്ലാത്ത ഏക മേഖലയായ കാർഷിക മേഖലയിൽ കേന്ദ്ര ഗവണ്മെന്റിന്റെ നോംസിൽ മാറ്റം വരുത്താതെ സഹായം വർദ്ധിപ്പി ക്കാൻ കഴിയുകയില്ലെന്നാണ് ബന്ധപ്പെട്ട മന്ത്രി പറഞ്ഞത്. കാർഷിക വിള കൾക്ക് ആവശ്യമായ പരിരക്ഷ ലഭിച്ചില്ലെങ്കിൽ ഈ മേഖല അനാദായകരമാ വുകയും കൃഷിക്കാർ മറ്റ് മേഖലകളിലേയ്ക്ക് പോവുകയും ചെയ്യുമെ ന്നതിനാൽ ആവശ്യമായ ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടാകുന്ന തരത്തിൽ

കേന്ദ്ര നിയമത്തിൽ മാറ്റം വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. കാർഷിക വിളകൾക്കായി സമഗ്രമായ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കണം. ബാങ്ക് വായ്പയെടുത്തോ കടം വാങ്ങിയോ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് കൃഷി നാശമുണ്ടായാൽ രണ്ടുമൂന്ന് വർഷം കഴിഞ്ഞ് നാമമാത്രമായ നഷ്ടപരിഹാരം ലഭിക്കുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കണം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേരളത്തിലെ കാർഷിക മേഖലയിൽ രണ്ടുതരത്തിലുള്ള ഇൻഷ്വറൻസ് പദ്ധതികളുണ്ട്. പ്രകൃതിക്ഷോഭംകൊണ്ടുണ്ടാകുന്ന നാശനഷ്ടമാണ് ഇൻഷ്വറൻസിനായി കണക്കാക്കുന്നത്. ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ ഈ പദ്ധതികൾ തൃപ്തികരമാണെന്ന് പറയാനാവില്ല. കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ അവരുടെ വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ കിട്ടുന്ന പദ്ധതി രൂപീകരിക്കാനാണ് ഗവണ്മെന്റ് ശ്രമിക്കുന്നത്. ഇതുസംബന്ധിച്ച് ദേശീയതലത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച ചെയ്ത് സഭയുടെ മൊത്തം വികാരം മാനിച്ച് ഇൻഷ്വറൻസ് പദ്ധതിയുണ്ടാക്കാൻ പരിശ്രമിക്കും. പ്രകൃതിക്ഷോഭമുണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള നോംസിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച് കേരള ഗവണ്മെന്റ് പല തവണ കേന്ദ്രത്തിൽ എഴുതിയിട്ടുണ്ടെങ്കിലും സഭയുടെ മൊത്തം വികാരം കേന്ദ്രത്തെ അറിയിക്കുന്നതാണ്.

(2) <u>ഗതാഗത വകുപ്പിൽ അമിതമായ യൂസേഴ്സ് ഫീ ഈടാക്കുന്നതുമൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. വി. ശിവൻകുട്ടി</u>: 2003-ൽ മോട്ടോർ വാഹന വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തിയതോടുകൂടി, അതിന്റെ സാമ്പത്തിക ഭാരം മുഴുവൻ പൊതുജനങ്ങളിൽ അടിച്ചേൽപ്പിക്കുന്ന രീതിയിലാണ് ഇന്ന് മോട്ടോർ വാഹന വകുപ്പ് യൂസേഴ്സ് ഫീ ഏർപ്പെടുത്തിയിരിക്കുന്നത്. ഓരോ ഇനത്തിനും നിശ്ചയിച്ചിരിക്കുന്ന ഫീസിനു പുറമെയാണ് യൂസേഴ്സ് ഫീ പിരിക്കുന്നത്. കേരളത്തിൽ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട മറ്റ് സേവനകേന്ദ്ര ങ്ങളിലൊന്നും ഇല്ലാത്ത വിധത്തിൽ ഓരോ ആവശ്യത്തിനുവേണ്ടി മോട്ടോർ വാഹന വകുപ്പിൽ ചെല്ലുമ്പോഴും യൂസേഴ്സ് ഫീ കൊടുക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാ ക്കുന്ന യൂസേഴ്സ് ഫീ പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്)</u>: മോട്ടോർ വാഹന വകുപ്പിൽ യൂസേഴ്സ് ഫീ എന്ന നിലയിൽ പിരിക്കരുതെന്നും സർവ്വീസ് ചാർജ്ജ് ആയി പിരിക്കണമെന്നുമാണ് ഉത്തരവ്. പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്ന തിനും കാലതാമസം ഒഴിവാക്കുന്നതിനും, രേഖകൾ കൃത്യതയോടുകൂടി സൂക്ഷിക്കുന്നതിനുമാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് മോട്ടോർ വാഹന വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ച് ഉത്തരവിറ ക്കിയത്. അതിനാവശ്യമായ ഭീമമായ തുക ഗവണ്മെന്റിന് ഒന്നിച്ച് കണ്ടെത്താൻ കഴിയാത്തതുകൊണ്ടാണ് പൊതുജനങ്ങളിൽ നിന്നും സർവ്വീസ് ചാർജ്ജ് ആയി പിരിക്കാൻ തീരുമാനിച്ചത്. പൊതുജനങ്ങൾ ഏറ്റവും കൂടുതൽ സമീപിക്കുന്ന വകുപ്പ് എന്ന നിലയിൽ കമ്പ്യൂട്ടർവൽക്കരണ

ത്തിലൂടെ അതിവേഗം രേഖകൾ ലഭ്യമാക്കുന്നതിന് കഴിയുന്നു. വാഹന ങ്ങളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഇൻർനെറ്റിലൂടെ പൊതുജന ങ്ങൾക്ക് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ പ്രാവശ്യം മോട്ടോർ വാഹന വകുപ്പിൽ ചെല്ലുമ്പോഴും യൂസേഴ്സ് ഫീ ഈടാക്കു ന്നുണ്ടോ എന്നത് പരിശോധിക്കാം. പാവപ്പെട്ട ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാ കാത്ത വിധത്തിൽ ഫീ നിരക്ക് പുനക്രമീകരിക്കാൻ കഴിയുമോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) ദേശാഭിമാനിയുടെ പണമിടപാട്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ലോട്ടറി രാജാവിൽ നിന്ന് ദേശാഭിമാനി രണ്ടുകോടി രൂപ നാല് ബോണ്ടുകളിലായി വാങ്ങിയെന്ന് പ്രധാന വാർത്ത വന്നിരിക്കുന്നു. ബോണ്ട് വിൽപ്പന നടത്താൻ സ്റ്റാറ്റ്യൂട്ടറി ഒബ്ലിഗേഷൻസ് പാലിച്ചിട്ടുണ്ടോ, സ്വകാര്യ കമ്പനിക്ക് ബോണ്ട് വിൽക്കാൻ ആർ.ബി.ഐ.യുടേയും കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റേയും അംഗീകാര മുണ്ടോ, ആർ.ബി.ഐ.യുടെ നിബന്ധനയനുസരിച്ചാണോ ബോണ്ട് വിറ്റിരി ക്കുന്നത്, പലിശ നിരക്ക് എന്താണ് എന്നീ വിവരങ്ങൾ ലഭ്യമാക്കണം. 18-ാം പാർട്ടി കോൺഗ്രസ് തീരുമാനത്തിന്റെ നഗ്നമായ ലംഘനമാണ് ഇവിടെ നടന്നത്. നിയമപരമായ ധാർമ്മിക ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറി നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്): ഡിമാന്റ് ചർച്ചയിൽ ലോട്ടറി നികുതി കുടിശ്ശികയെ സംബന്ധിച്ച് ഗവൺമെന്റ് വ്യക്തമായ വിശദീകരണം നൽകിയിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്തിൽനിന്ന്

വ്യത്യസ്തമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നികുതി കുടിശ്ശിക അസസ്സ് ചെയ്യുകയും പുതിയ ലോട്ടറികൾക്ക് ഒരു ഡ്രായ്ക്ക് രണ്ടര ലക്ഷം രൂപ നികുതി എന്നത് അഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നികുതി കുടിശ്ശിക പരമാവധി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഇക്കാര്യത്തിൽ ഗവൺമെന്റ് നിലപാടിൽ വിട്ടുവീഴ്ചയുണ്ടാകുമെന്ന യാതൊരു ആശങ്കയും വേണ്ട. പണം വായ്പ എടുത്തതു സംബന്ധിച്ച ധാർമ്മിക നിലപാടിനെ സംബന്ധിച്ചും നിയമവശങ്ങളെക്കുറിച്ചും പ്രതികരിക്കേണ്ടത് ഗവൺമെന്റല്ല, ദേശാഭിമാനിയാണ്.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: ദേശാഭിമാനി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പത്രമാണ്. മീഡിയകളിൽ വരുന്ന വാർത്ത സംബന്ധിച്ച് ഗവൺമെന്റിന് അറിയില്ലെന്ന് പറയുന്നത് ശരിയല്ല. 2 കോടി രൂപയാണ് ലോട്ടറി മാഫിയകൾ ദേശാഭിമാനിക്ക് ബോണ്ടായി നൽകിയത്. മാതൃഭൂമിപോലുള്ള പ്രമുഖ പത്രങ്ങളിൽ വരുന്ന ഇത്തരം വാർത്തകൾ പ്രാധാന്യത്തോടുകൂടി ഗവൺമെന്റ് കാണണം. മാതൃഭൂമി ഒരു മഞ്ഞപത്രമാണെന്ന് ബഹുമാനപ്പെട്ട പി. ജയരാജൻ പറഞ്ഞതിന് മുഖ്യമന്ത്രി വിശദീകരണം നൽകണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>: സ്വാതന്ത്ര്യ സമരത്തിൽ അഭിനന്ദനാർഹമായ പങ്കുവഹിച്ച മാതൃഭൂമി ഒരു ദേശീയ പത്രമാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുള്ളിൽ തിരിച്ചു വരികയും ചെയ്തു)

(2) സ്മാർട്ട് സിറ്റിയുടെ നിലനിൽപ്പിന് ഭീഷണിയാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിക്കേണ്ടതിന്റെ ആവശ്യകത.

ശ്രീ. എം.എം. മോനായി: സ്മാർട്ട് സിറ്റി പദ്ധതിക്കാവശ്യമായ ശുദ്ധജലമെടുക്കുന്ന കുന്നത്തുനാട് മണ്ഡലത്തിലെ ഏക ശുദ്ധജലസ്രോതസ്സായ കടമ്പ്രയാറിന്റെ ആവാസവ്യവസ്ഥയെ തകർക്കുന്ന രീതിയിൽ അണുപ്രസരണമുള്ള മാലിന്യങ്ങളും വ്യവസായശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങളും തീരത്ത് നിക്ഷേപിക്കുന്നത് സ്മാർട്ട് സിറ്റി പദ്ധതിയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാകുന്ന സാഹചര്യത്തിൽ പാരിസ്ഥിതിക പ്രശ്നമുണ്ടാക്കുന്ന ഈ വിഷയത്തെപ്പറ്റി പാരിസ്ഥിതിക അധികൃതരും ശാസ്ത്രജ്ഞരും നിയമജ്ഞരും ജനപ്രതിനിധികളുമടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ വിശദമായ പരിശോധന നടത്താനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി പദ്ധതി, നിരവധി വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയും പ്രസ്തുത പ്രദേശത്തെ പൊതുജനങ്ങളും ആശ്രയിക്കുന്ന ഏക ശുദ്ധജലസ്രോതസ്സാണ് കടമ്പ്രയാർ. പ്രസ്തുത നദീതീരത്തെ പരിസ്ഥിതി മലിനീകരണത്തിൽ നിന്നും രക്ഷിക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ടവരും ജനപ്രതിനിധികളുമായും 23-5-2007-ൽ വിശദമായ ചർച്ച നടത്തുകയും വിദഗ്ദ്ധ പഠനം നടത്തി ആവശ്യമായ ശുപാർശകൾ നൽകാൻ ജലവിഭവ വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് വിശദമായ

ഒരു പഠനം നടത്തുന്നതിന് നാഷണൽ എൻവയോൺമെന്റ് എൻജിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്താൻ ഇൻഫോ പാർക്കും തീരുമാനിച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് കിട്ടിയാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ഓടയം സ്വദേശികൾക്ക് പോലീസ് സ്റ്റേഷനിൽ നേരിടേണ്ടിവന്ന വിഷമതകൾ.

ശ്രീ. വർക്കല കഹാർ: വർക്കല നിയോജകമണ്ഡലത്തിലെ ഓടയം സ്വദേശികളായ അസ്ക്കർ, അഫ്ഗർ, സഹോദരി സജീന, അയൽക്കാരായ ഷമീർഖാൻ, സുരേഷ് എന്നിവരെ 26-6-07-ൽ ബീമാപള്ളി ഉറൂസിൽ പങ്കെടുക്കാൻ പോയ സമയത്ത് ചിലയാളുകൾ ആക്രമിക്കാൻ ശ്രമിച്ചു. അതു സംബന്ധിച്ച പരാതി കൊടുക്കാനായി പോലീസ് സ്റ്റേഷനിൽ പോയ അവരെ പോലീസ് ദേഹോപദ്രവം ഏൽപ്പിക്കുകയും അവരോട് അപമര്യാദയായി പെരുമാറുകയും ചെയ്തു. പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വർക്കല കുഴിവിള ഹൗസിൽ അസ്ക്കർ, അഫ്ഗർ, സഹോദരി സജീന, അയൽക്കാരായ ഷമീർഖാൻ, സുരേഷ് എന്നിവർ ഒരു മാരുതി വാനിൽ ബീമാപള്ളിയിൽ ഉറൂസ് ഉൽസവത്തിനെത്തി പരിസരം നടന്നുകാണുന്ന സന്ദർഭത്തിൽ പള്ളിയിലെ ഭാരവാഹികൾക്കും നാട്ടുകാർക്കും സംശയം തോന്നിയതിനാൽ അവരെ ചോദ്യം ചെയ്യുകയും ദേഹോപദ്രവം എൽപ്പിക്കുകയും ചെയ്തതായി ആക്ഷേപമുന്നയിച്ചുകൊണ്ട് അഫ്ഗർ ഒഴികെയുള്ളവർ പൂന്തുറ പോലീസ് സ്റ്റേഷനിൽ എത്തി

അഫ്ഗറിനെ ബീമാപള്ളിയിൽ തടഞ്ഞുവച്ചിരിക്കുന്നതായി പരാതിപ്പെട്ടു. തുടർന്ന് എയ്ഡ്പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഹെഡ്കോൺസ്റ്റബിൾ അഫ്ഗറിനെ സ്റ്റേഷനിൽ എത്തിക്കുകയും പിറ്റേന്ന് രാവിലെ 5.15-ന് ബന്ധുക്കളെ ഏൽപ്പിക്കുകയും ചെയ്തു. ഇവരെ മർദ്ദിക്കുകയോ അവരോട് അപമര്യാദയായി പെരുമാറുകയോ ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് അന്വേഷിക്കുന്നതിന് അസിസ്റ്റന്റ് പോലീസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് കുറ്റകരമായ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

(4) <u>എസ്.എസ്.എൽ.സി./ഹയർ സെക്കന്ററി പാസ്സായ ബധിര-മൂക വിദ്യാർത്ഥികളുടെ തുടർപഠന സൗകര്യം.</u>

<u>ശ്രീ. പി.എം.എ. സലാം:</u> ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ 2500-ഓളം വരുന്ന ബധിര-മൂക വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനായി കേരളത്തിലാകെ 250 സീറ്റുകളാണുള്ളത്. അവർക്ക് തുടർപഠനത്തിനുള്ള സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യത നേടിയ ബധിര-മൂക വിദ്യാർത്ഥികൾക്ക് പഠിക്കാനായി കേരളത്തിൽ തിരുവനന്തപുരം, വാളകം, കോഴിക്കോട്, കുന്നംകുളം, തിരുവല്ല എന്നിവിടങ്ങളിലുള്ള സ്ഥാപനങ്ങൾ കൂടാതെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മൂന്ന് ശതമാനം സീറ്റ് നീക്കിവച്ചിട്ടുണ്ട്. സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് ഗവണ്മെന്റ് ആലോചിക്കുന്നതാണ്.

(5) വിദ്യാലയങ്ങളിൽ ഉച്ചക്കഞ്ഞി തയ്യാറാക്കുന്ന തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിക്കേണ്ടതിന്റെ ആവശ്യകത.

ശ്രീ. എം. മുരളി: സംസ്ഥാനത്തെ 11,817 സ്ക്കൂളുകളിലായി ജോലി ചെയ്യുന്ന 13,000-ത്തോളം വരുന്ന പാചകത്തൊഴിലാളികളെ പാർട്ട് ടൈം സർക്കാർ ജീവനക്കാരായി അംഗീകരിച്ച് വേതനം നേരിട്ട് കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഗവണ്മെന്റിന്റെ കണക്കനുസരിച്ച് 11,200-ഓളം പാചകത്തൊഴിലാളികളുണ്ട്. അവരുടെ വിഷമതകൾ കണക്കിലെടുത്ത് ഈ കാര്യത്തിൽ എന്തെങ്കിലും തീരുമാനമെടുക്കാൻ കഴിയുമോ എന്നുള്ള കാര്യം ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കാം. ദിവസവേതനക്കാർക്ക് ഗവണ്മെന്റിന് നേരിട്ടോ ട്രഷറി വഴിയോ ശമ്പളം കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു നിയമവും ഇപ്പോൾ നിലിവിൽ ഇല്ല.

(6) യോഗ പാഠ്യവിഷയമാക്കേണ്ടതിന്റെ ആവശ്യകത.

ശ്രീ. വി.എൻ. വാസവൻ: കേന്ദ്രഗവണ്മെന്റും എൻ.സി.ഇ.ആർ.ടി-യും പാർലമെന്ററി കമ്മിറ്റിയും ശുപാർശ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ യോഗ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സർവ്വകലാശാലാ തലത്തിൽ യോഗ പഠിപ്പിക്കാൻ പല സംവിധാനങ്ങളും പല സർവ്വകലാശാലകളിലുമുണ്ട്. പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്ന പ്രക്രിയ ഇപ്പോൾ നടക്കുകയാണ്. ഫോക്കസ് ഗ്രൂപ്പ്

സമർപ്പിച്ചിട്ടുള്ള ശുപാർശയിൽ യോഗ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. അക്കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലാണ്.

(7) വൈദ്യുതി ബോർഡ് വൈദ്യുതി റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ.

ശ്രീ. വി.ഡി. സതീശൻ: പവർ ഇൻസെന്റീവ് ഇൻഡസ്ട്രിയൽ യൂണിറ്റുകളുടെ നിർവ്വചനം മാറ്റണമെന്നും എല്ലാ ഇൻഡസ്ട്രിയൽ യൂണിറ്റുകൾക്കും ഒരു രൂപ വച്ച് താരിഫ് കൂട്ടണമെന്നും പീക് അവറിൽ എല്ലാ സ്ഥലങ്ങളിലും ഇപ്പോൾ കൊടുക്കുന്ന താരിഫ് ഇരട്ടിയാക്കണമെന്നുമുള്ള ഡ്രാഫ്റ്റ് ഷെഡ്യൂളിൽ പറയുന്ന കാര്യങ്ങൾ നിലനിർത്തണമെന്ന് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനോട് ഇലക്ട്രിസിറ്റി ബോർഡ് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ കേരളത്തിലെ മിക്ക വ്യവസായസ്ഥാപനങ്ങളും അടച്ചുപൂട്ടേണ്ട സ്ഥിതിയിലാകും. ഇതു സംബന്ധിച്ച് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 403 കോടി രൂപയുടെ റവന്യൂ ഗ്യാപ്പ് കുറച്ചുകൊണ്ടുവരുന്നതിനും പരമാവധി പാവപ്പെട്ടവരേയും ഇടത്തരക്കാരേയും സഹകരിപ്പിച്ചുകൊണ്ടും കേരളത്തിന്റെ വ്യവസായ വികസനത്തിന് തടസ്സം സൃഷ്ടിക്കാത്ത രീതിയിലുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ പറഞ്ഞ കാര്യങ്ങൾ റെഗുലേറ്ററി കമ്മീഷന്റെ മുമ്പാകെ അവതരിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നയപരമായ തീരുമാനം എടുക്കുന്നതുമാണ്.

(8) എം.വി.ഐ.പി. കനാലുകളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. മോൻസ് ജോസഫ്: മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(9) ജനറൽ ആശുപത്രി കെട്ടിടത്തിന്റെ പുനർ നിർമ്മാണം

ശ്രീ. വി. സുരേന്ദ്രൻപിള്ള: കാലവർഷക്കെടുതിയിൽ മരം കടപുഴകി വീണ് തകർന്ന തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ വാർഡുകൾ പുതുക്കിപ്പണിത് വൈദ്യുതിയും വെള്ളവും പുന:സ്ഥാപിക്കുന്നതിനും കടലാക്രമണത്തിൽ തകർന്ന ശംഖുംമുഖത്തുനിന്നും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള റോഡിന്റെ പുനർനിർമ്മാണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രകൃതി ദുരന്തത്തിൽ തകർന്ന തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ കെട്ടിടങ്ങളുടെ പണിക്കും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള റോഡിന്റെ പുനർനിർമ്മാണത്തിനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(10) മണിയാർ ഡാമിന്റെ ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. കെ. ശിവദാസൻ നായർ: പ്രവർത്തനരഹിതമായ മണിയാർ ഡാമിലെ 5 ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): മണിയാർ ഡാമിലെ മൂന്ന് ഷട്ടറുകൾ പ്രവർത്തനക്ഷമമാണ്. ബാക്കിയുള്ള രണ്ട് ഷട്ടറുകളുടെ പണിക്കുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴക്കാലം കഴിഞ്ഞതിനുശേഷം പ്രവർത്തനക്ഷമമല്ലാത്ത രണ്ട് റിവർ സ്ല്യൂയിസുകളുടെ പണി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(11) ശ്രീകൃഷ്ണപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീമതി കെ.എസ്. സലീഖ: 1982-ൽ പ്രവർത്തനമാരംഭിച്ച ശ്രീകൃഷ്ണപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും ആയക്കെട്ട് പ്രദേശത്തിന്റെയും പണികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): റിവൈസ്ഡ് റേറ്റിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് കിട്ടുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാമ്പത്തികാനുമതി നൽകി കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണികൾ ആരംഭിക്കുന്നതാണ്.

(12) കൊല്ലം-പുനലൂർ റൂട്ടിലെ യാത്രാക്ലേശം

ശ്രീ. കെ. രാജു: കൊല്ലം-പുനലൂർ റൂട്ടിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനും വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കൊല്ലം-ചെങ്കോട്ട റൂട്ട് ബ്രോഡ്ഗേജ് ആക്കുന്നതുമായി ബന്ധപ്പെട്ട് 10 ഫാസ്റ്റ് പാസ്സഞ്ചറും 10 ലിമിറ്റഡ് സ്റ്റോപ്പ്/ഓർഡിനറി സർവ്വീസുകളുമുൾപ്പെടെ 320 ട്രിപ്പുകൾ 1-5-2007 മുതൽ അധികമായി ഓടിക്കുന്നുണ്ട്. നിലവിലുള്ള ചട്ടപ്രകാരം വിദ്യാർത്ഥികൾക്കുള്ള കൺസെഷൻ 40 കിലോമീറ്ററിൽ കൂടുതൽ അനുവദിക്കാൻ കഴിയില്ല.

(13) വ്യവസ്ഥകൾ ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ള കോസ്റ്റൽ റെഗുലേഷൻ സോൺസ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 1991-ലെ കോസ്റ്റൽ റെഗുലേഷൻ സോൺസ് നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ പണിത നിർമ്മാണ പ്രവർത്തനങ്ങൾ പൊളിച്ചുമാറ്റി റിപ്പോർട്ട് ചെയ്യാൻ മലപ്പുറം ജില്ലാകളക്ടർ ആവശ്യപ്പെട്ടിരിക്കുകയാണ്. പതിനായിരക്കണക്കിന് വരുന്ന മത്സ്യത്തൊഴിലാളികളുടെ വീടുകളും പൊളിച്ചുമാറ്റൽ ഭീക്ഷണിയിലാണ്. ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): 1991-ലെ കേന്ദ്ര ഗവൺമെന്റിന്റെ തീരദേശ സംരക്ഷണ നിയമം നടപ്പാക്കുന്നതിനുവേണ്ടി രൂപീകരിച്ച തീരദേശ നിയന്ത്രണ അതോറിറ്റിയുടെ തീരദേശ പരിപാലന വ്യവസ്ഥകളിൽ ഇളവുകൾ അനുവ

ദിക്കുന്നതിനോ തീരപ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനോ സംസ്ഥാന സർക്കാരിന് അധികാരമില്ല. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് തീരദേശ സംരക്ഷണ നിയമം നൽകിയിട്ടുള്ള പരിരക്ഷയുടെ മറവിൽ നിയമലംഘനത്തിന് മുതിരുന്നവരെ കണ്ടെത്തുകയും അനധികൃത നിർമ്മാണങ്ങൾ ഒഴിവാക്കുകയും ചെയ്യേണ്ടതുണ്ട്. ഏതെല്ലാം വിഭാഗങ്ങളെയാണ് നടപടി ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ട് അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(14) മറയൂരിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എസ്. രാജേന്ദ്രൻ: ഏതാണ്ട് അയ്യായിരത്തോളം ഗുണഭോക്താക്കളുള്ള മറയൂരിൽ ഒരു സബ്സ്റ്റേഷൻ ആരംഭിച്ച് കെ.എസ്.ഇ.ബി. നേരിട്ട് വൈദ്യുതി വിതരണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന മറയൂരിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

(15) ആറന്മുള മണ്ഡലത്തിലെ പേരൂർച്ചാൽ പാലംപണി

ശ്രീ. കെ.സി. രാജഗോപാലൻ: പമ്പാനദിക്ക് കുറുകെ 1997-ൽ ആരംഭിച്ച ആറന്മുള-റാന്നി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന

പേരൂർച്ചാൽ പാലംപണിയുടെ പൂർത്തീകരണത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

(ശ്രീ. കെ. ശിവദാസൻ നായരും ഇതേ വിഷയം സംബന്ധിച്ച സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.)

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): പേരൂർച്ചാൽ പാലത്തിന്റെ വർക്കിന് റീടെണ്ടർ വിളിച്ച് 40% അധികനിരക്കിൽ ക്വട്ടേഷൻ അംഗീകരിച്ചുവെങ്കിലും കരാറുകാരൻ ആവശ്യപ്പെട്ട 84% അധികനിരക്ക് നൽകാത്തതിനാൽ വർക്ക് ഏറ്റെടുത്തിട്ടില്ല.

(16) മരാമത്തു റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. എൻ. ശക്തൻ: നേമം നിയോജകമണ്ഡലത്തിലെ നരുവാമൂട്-മുക്കംപാലംമൂട്-എരുത്താവൂർ റോഡും വെള്ളക്കടവ്-കൊല്ലങ്കോണം റോഡും അടിയന്തിരമായി ടാർ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): വെള്ളക്കടവ്-കൊല്ലങ്കോണം റോഡിന്റെ ടാറിംഗിന് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. നരുവാമൂട്-മുക്കംപാലംമൂട്-എരുത്താവൂർ റോഡ് ഒ.ഡി.ആർ. /എം.ഡി.ആർ.-ൽ വന്നതാണ്.

(17) കടങ്ങോട് സമഗ്ര ശുദ്ധജലവിതരണ പദ്ധതി

ശ്രീ. എ.സി. മൊയ്തീൻ: കടങ്ങോട് സമഗ്ര ശുദ്ധജലവിതരണ പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിനും അതോടനുബന്ധിച്ച് പണിയാൻ തീരുമാനിച്ച തടയണയുടെ അടിയന്തിര നിർമ്മാണത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കടങ്ങോട് ശുദ്ധജലവിതരണ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(18) <u>കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ</u>

<u>ശ്രീ. എൻ. രാജൻ:</u> കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ ഡോക്ടർമാരെ നിയമിച്ച് അവിടത്തെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> ഡോക്ടർമാരുടെ രണ്ട് പോസ്റ്റുകൾ പുതുതായി ക്രിയേറ്റ് ചെയ്യുന്നതോടൊപ്പം അവിടത്തെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കുന്നതാണ്.

(19) <u>നൂറനാട് കുഷ്ഠരോഗാശുപത്രിയുടെ ശോച്യാവസ്ഥ</u>

<u>ശ്രീ. കെ.കെ. ഷാജു</u>: 75 വർഷം പഴക്കമുള്ള നൂറനാട് കുഷ്ഠരോഗാശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> നൂറനാട് കുഷ്ഠരോഗാശുപത്രിയെ അപ്ഗ്രേഡ് ചെയ്തുകൊണ്ട് അവിടത്തെ ശോച്യാവസ്ഥ പരിഹരിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതാണ്.

(20) <u>വ്യവസായ സ്ഥാപനങ്ങളിലെ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള ശുപാർശ പുന:പരിശോധിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എ.എം. യൂസഫ്</u>: വ്യവസായ സ്ഥാപനങ്ങളിലെ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്നുള്ള താരിഫ് റെഗുലേറ്ററി കമ്മിറ്റിയുടെ നിർദ്ദേശം ഗവൺമെന്റ് പുന:പരിശോധിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ):</u> ഇതേവിഷയത്തിന് ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് മറുപടി പറഞ്ഞിട്ടുണ്ട്.

(21) <u>പെരിന്തൽമണ്ണ സിവിൽസ്റ്റേഷൻ പണി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. വി. ശശികുമാർ</u>: പെരിന്തൽമണ്ണ മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കാൻവേണ്ട നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>): പെരിന്തൽമണ്ണ മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കുന്നതാണ്.

(22) <u>പ്രകൃതിക്ഷോഭത്തിനിരയായവരുടെ പുനരധിവാസം</u>

<u>ശ്രീ. കെ.സി. കുഞ്ഞിരാമൻ:</u> കൊട്ടിയൂർ, കേളകം പഞ്ചായത്തുകളിൽ പ്രകൃതിക്ഷോഭത്തിനിരയായവരെ പുനരധിവസിപ്പിക്കാനും വയനാട് ഇടുക്കി ജില്ലകളിലെ കൃഷിക്കാർക്ക് കിട്ടിക്കൊണ്ടിരിക്കുന്നതുപോലെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രകൃതിക്ഷോഭത്തിനിരയായവരെ പുനരധിവസിപ്പിക്കുന്ന കാര്യവും കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യവും പരിഗണിക്കുന്നതാണ്.

(23) കെട്ടിട നികുതി

ശ്രീ. കെ.സി. വേണുഗോപാൽ: തറയുടെ വിസ്തീർണ്ണം കണക്കാക്കി കെട്ടിട നികുതി പിരിക്കണമെന്ന ഗവൺമെന്റ് ഉത്തരവിലെ അപാകതകൾ പരിഹരിക്കണം.

ശ്രീ. തോമസ് ചാഴികാടൻ: കെട്ടിടനികുതി വർദ്ധിപ്പിച്ചതിലെ അപാകതകൾ പരിഹരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): 13 വർഷങ്ങൾക്കുമുമ്പാണ് കെട്ടിടനികുതി പരിഷ്ക്കരിച്ചത്. ഇത് പരിഷ്ക്കരിക്കുന്നതിന് ചില മാനദണ്ഡങ്ങൾ ഇപ്പോൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് നികുതി നിർണ്ണയിക്കുമ്പോൾ എന്തെങ്കിലും അപാകതയുണ്ടായാൽ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താം.

(24) കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകൾ ആലപ്പുഴ ഡിവിഷനിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.കെ. സദാശിവൻ: കൊല്ലം ഇറിഗേഷൻ ഡിവിഷന്റെ കീഴിലുള്ള കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകൾ ആലപ്പുഴ ഡിവിഷനിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് നടപ്പിലാക്കണം.

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകൾ ആലപ്പുഴ ഡിവിഷനിൽ ഉൾപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(25) പാലോട് ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീമതി ജെ. അരുന്ധതി: പാലോട് ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിച്ച് സി.എച്ച്.സി. ആക്കി ഉയർത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): പാലോട് ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിച്ച് സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യുന്നതാണ്.

(26) റോഡുകളും പാലങ്ങളും നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ.എം. ആരിഫ്: തുറവൂർ, തൈക്കാട്ടുശ്ശേരി, മാക്കേക്കടവ്, നേരെക്കടവ് റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി ജനപ്രതിനിധികൾ നൽകിയ മെമ്മോറാണ്ടത്തിന് കേന്ദ്രഗവൺമെന്റിൽ നിന്നും എത്രയുംവേഗം അംഗീകാരം നേടിയെടുക്കണം.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിൽ നിന്നും ഒരു അറിയിപ്പും ലഭിച്ചിട്ടില്ല.

(27) ഹോസ്ദുർഗ് മണ്ഡലത്തിലെ പടന്നക്കാട്, നീലേശ്വരം റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പള്ളിപ്രം ബാലൻ: ഹോസ്ദുർഗ് മണ്ഡലത്തിലെ പടന്നക്കാട്, നീലേശ്വരം റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പടന്നക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്. നീലേശ്വരം റെയിൽവേ മേൽപ്പാലത്തിന്റെ പണി പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(28) വൈക്കത്തെ കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. അജിത്ത്: കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ചവർക്ക് സൗജന്യമായി വിത്തും വളവും നൽകുകയും മട കെട്ടാനുള്ള സാമ്പത്തിക സഹായം അനുവദിക്കുകയും വേണം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): മട കെട്ടാനുള്ള സാമ്പത്തിക സഹായം, വിത്ത്, വളം എന്നിവ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## വ്യക്തിപരമായ വിശദീകരണം

അടിയന്തിര പ്രമേയാവതരണ അനുമതിക്കുള്ള ചർച്ചയ്ക്കിടയിൽ വന്ന പരാമർശം

ശ്രീ. ആര്യാടൻ മുഹമ്മദ്: ചൈനീസ് കമ്പനി കരാർ വ്യവസ്ഥകൾ നിറവേറ്റാത്തതുകൊണ്ടാണ് പിടിച്ചുവച്ച 10 ശതമാനം തുക മടക്കി നൽകേണ്ടതില്ലെന്ന തീരുമാനം 28-10-2004-ന് എറണാകുളത്തുവച്ച് കൂടിയ കോൺഫറൻസിൽ തീരുമാനിച്ചത്. കരാർ അനുസരിച്ച് പെർഫോമൻസ് അക്സപ്റ്റൻസ് ടെസ്റ്റ് നടത്തേണ്ടതുണ്ട്. സ്പെയർ പാർട്സും അവർ തരണം. ഈ രണ്ടു കാര്യങ്ങളും നിറവേറ്റിയിട്ടില്ല. ഉറുമി -I, II ചെമ്പുകടവ്-I, II പദ്ധതികൾ യു.ഡി.എഫ്.-ന്റെ കാലത്ത് പൂർത്തീകരിച്ചു.

ടെൻഡർ വിളിക്കാത്തതുകൊണ്ടാണ് 14 പദ്ധതികളുടെ പണി ആരംഭിക്കാൻ കഴിയാത്തത്.

## റിപ്പോർട്ട് സമർപ്പണം.

സ്ത്രീകളുടെയും കുട്ടികളുയെും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

# അറിയിപ്പ്

ബി.എ.സി. തീരുമാനം

മി. സ്പീക്കർ: ഇന്ന് ചേർന്ന ബി.എ.സി.യുടെ തീരുമാനപ്രകാരം 2007 ജൂലായ് മാസം 2-ാം തീയതി സഭ സമ്മേളിക്കുന്നതല്ല. 2-7-2007-ലെ ചർച്ചയ്ക്ക് വരേണ്ടിയിരുന്ന ധനാഭ്യർത്ഥനകളിന്മേലുള്ള ഖണ്ഡനോപക്ഷേപങ്ങൾ സ്വീകരിക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു

### (2) സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ.

(1) പശ്ചിമതീര റെയിൽവേ സോൺ അനുവദിക്കണമെന്ന ആവശ്യം

(ചർച്ച തുടർച്ച)

ശ്രീ. വി.എസ്. സുനിൽകുമാർ: കേരളം റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ എന്നും അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ചീഫ് എൻജിനീയറുടെ ഓഫീസ് തിരുവനന്തപുരത്തുനിന്നും മാറ്റാനുള്ള തീരുമാനം

ഇന്നലെ പിൻവലിക്കുകയുണ്ടായി. അതുകൊണ്ടുമാത്രം പ്രശ്നം പരിഹരിച്ചു കഴിഞ്ഞിട്ടില്ല. വളരെ ക്രൂരമായ നടപടികളാണ് റെയിൽവേയുടെ ഭാഗത്തു നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പാലക്കാട് ഡിവിഷൻ വെട്ടിച്ചുരുക്കി സേലം ഡിവിഷൻ ഉണ്ടാക്കി. കൊങ്കൺ ഡിവിഷന്റെ കാലാവധി പൂർത്തീകരിച്ച് ഹൂഗ്ളി ആസ്ഥാനമായി പുതിയ ഡിവിഷൻ വന്നാൽ പാലക്കാട് ഡിവിഷൻ ഇല്ലാതാകും. ദക്ഷിണ റെയിൽവേയുടെ വരുമാനത്തിന്റെ മേജർ പോർഷൻ കേരളത്തിൽ നിന്നാണ് ലഭിക്കുന്നത്. ഇക്കഴിഞ്ഞ റെയിൽവേ ബഡ്ജറ്റിൽ തമിഴ്നാടിന് 800 കോടി രൂപ അനുവദിച്ചപ്പോൾ കേരളത്തിന് 284 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളം ആസ്ഥാനമായി പശ്ചിമതീര റെയിൽവേ സോൺ അനുവദിക്കണമെന്ന ആവശ്യം കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കണം. അതിന് കക്ഷിരാഷ്ട്രീയഭേദമെന്യേ എല്ലാവരും ഒത്തൊരുമിക്കണം. മധുര ഡിവിഷനിലെ പോത്തന്നൂർ, പൊള്ളാച്ചി റെയിൽവേ ലൈനുകൾ പാലക്കാട് ഡിവിഷനിൽ നിലനിർത്തണം. ഇക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തണം.

ശ്രീ. രാജാജി മാത്യു തോമസ്: പ്രമേയത്തെ പിന്താങ്ങുന്നു. റെയിൽവേയുടെ വികസനത്തിൽ ദീർഘവീക്ഷണത്തോടുകൂടിയ ഒരു കാഴ്ചപ്പാടും ചെറുത്തുനിൽപ്പും വളർത്തിക്കൊണ്ടു വരണം. തൃശൂർ-ഷൊർണ്ണൂർ സെക്ടറിൽ വളരെയധികം ട്രാഫിക്കാണ് അനുഭവപ്പെടുന്നത്. ചരക്ക് ഗതാഗതത്തിനുമാത്രമായി മൂന്നാമത് ഒരു ട്രയാംഗുലർ പാത അവിടെ ആവശ്യമാണ്. അതിവേഗ തീവണ്ടിയും അനിവാര്യമാണ്. റെയിൽവേ വികസനത്തിന് കുറഞ്ഞ പലിശയ്ക്ക്

വൻതുകകൾ മുടക്കാൻ ഫോറിൻ ഇൻവെസ്റ്റേഴ്സ് തയ്യാറാണ്. കൊങ്കൺ മേഖലയിൽ സിയാൽ മോഡൽ വികസനം നടപ്പാക്കണം.

ശ്രീ. കെ.സി. വേണുഗോപാൽ: പ്രമേയത്തെ പിന്താങ്ങുന്നു. സേലം ഡിവിഷൻ രൂപീകരിക്കുന്ന കാര്യത്തിൽ റെയിൽവേ സ്വീകരിച്ച നിലപാട് തന്നെയാണ് ചീഫ് എൻജിനീയറുടെ ഓഫീസ് മാറ്റുന്ന കാര്യത്തിലും സ്വീകരിച്ചിട്ടുള്ളത്. ശ്രദ്ധിച്ചില്ലെങ്കിൽ അവർ വീണ്ടും തീരുമാനം മാറ്റും. ദക്ഷിണ റെയിൽവേയ്ക്ക് ലാഭം ഉണ്ടാക്കിക്കൊടുക്കുന്നത് കേരളാ സെക്ടറാണ്. സംസ്ഥാനത്ത് പാത ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും പൂർത്തീകരിക്കാൻ കഴിയുന്നില്ല. മതിയായ സ്റ്റാഫിനെ നൽകുന്ന കാര്യത്തിലും കേരളത്തിലെ ഓഫീസുകളോട് അവഗണനയാണ് കാണിക്കുന്നത്. ചെന്നൈ ചീഫ് എൻജിനീയറുടെ ഓഫീസിൽ 28 പേരുള്ളപ്പോൾ തിരുവനന്തപുരത്തെ ഓഫീസിൽ 3 പേരാണുള്ളത്. കക്ഷിഭേദമെന്യേ ഒത്തൊരുമിച്ച് റെയിൽവേ സ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമാക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ പൂർത്തീകരിക്കാൻ നടപടികൾ ഉണ്ടാകണം. എം.പി. മാരെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് റെയിൽവേയുടെ ഒരു പ്രത്യേക മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും നിരന്തരം ഫോളോ അപ്പ് നടത്തുകയും വേണം.

ശ്രീ. എം. ഹംസ : പ്രമേയത്തെ പിൻതാങ്ങുന്നു. സേലം ഡിവിഷൻ യാഥാർത്ഥ്യമാകുന്നതോടെ പാലക്കാട് ഡിവിഷൻ ഇല്ലാതാകുകയാണ്. നഞ്ചൻകോട് - മൈസൂർ പാതയ്ക്കുള്ള സർവ്വേ നടത്തി. കേരളത്തിൽ നിരവധി സർവ്വേകൾ നടത്തിയിട്ടുണ്ട്. തലശ്ശേരി - മൈസൂർ സർവ്വേ മാത്രമാണ് പുതുതായിട്ടുള്ളത്. റെയിൽവേ ബഡ്ജറ്റിലും കേരളം

അവഗണിക്കപ്പെടുന്നു. റെയിൽവേ ഓവർബ്രിഡ്ജുകൾ ഇല്ലാത്തതുമൂലം റെയിൽവേ ലൈൻ ക്രോസ് ചെയ്തുള്ള വാഹന ഗതാഗതം വളരെ ബുദ്ധിമുട്ടിലാണ്. അത് പരിഹരിക്കാൻ കൂടുതൽ റെയിൽവേ ഓവർബ്രിഡ്ജുകൾ പണിയണം. പഴയ സിഗ്നൽ സംവിധാനങ്ങൾ മാറ്റി ആട്ടോമാറ്റിക് ബ്ലോക്ക് സിസ്റ്റം നടപ്പിലാക്കണം. സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയേയും റെയിൽവേ മന്ത്രിയേയും കണ്ട് കേരളത്തോടുള്ള റെയിൽവേയുടെ അവഗണന അവസാനിപ്പിക്കാൻ സ്വാധീനം ചെലുത്തണം.

ശ്രീ. സി.ടി. അഹമ്മദ് അലി : പ്രമേയത്തെ പിൻതാങ്ങുന്നു. പുതിയ റെയിൽവേ പാതകൾ, മേൽപ്പാലങ്ങൾ, ഇലക്ട്രിഫിക്കേഷൻ, പുതിയ ട്രെയിൻ എന്നിവയിൽ കേരളം അവഗണിക്കപ്പെടുന്നു. കേരളത്തിൽ റെയിൽവേയുടെ ഇൻവെസ്റ്റുമെന്റും കുറവാണ്. പാത ഇരട്ടിപ്പിക്കൽ വളരെ സാവധാനത്തിലാണ് നടക്കുന്നത്. കേരളത്തിന് അതിവേഗ തീവണ്ടികൾ അനുവദിക്കണം. മാനേജുമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. കണ്ണൂർ വരെയുള്ള ട്രെയിനുകൾ മംഗലാപുരം വരെ നീട്ടണം. രാജധാനി എക്സ്പ്രസ്സിന് കാസർഗോഡ് സ്റ്റോപ്പ് അനുവദിക്കണം. തീരദേശ സോൺ രൂപീകരിക്കാൻ അടിയന്തിര ശ്രമമുണ്ടാകണം.

ശ്രീ. ജോസ് തെറ്റയിൽ : പ്രമേയത്തെ പിൻതാങ്ങുന്നു. റെയിൽവേ മന്ത്രാലയം കേരളത്തെ അവഗണിക്കുകയാണ്. റെയിൽവേ സോൺ അനുവദിക്കുന്നത് സംബന്ധിച്ച് കേരളത്തിൽ നിന്നുള്ള കേന്ദ്ര മന്ത്രിമാർ മുൻകൈയെടുത്ത് റെയിൽവേ സോൺ രൂപീകരണത്തിനാവശ്യമായ നടപടി സ്വീകരിക്കാൻ സമ്മർദ്ദം ചെലുത്തണം. നാളെ നടക്കാൻ പോകുന്ന യോഗത്തിൽ കേരളത്തിൽ നിന്നുള്ള കേന്ദ്ര മന്തിമാരെക്കൂടി ഉൾപ്പെടുത്തണം.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: പ്രമേയത്തെ പിൻതാങ്ങുന്നു. പുതിയ വികസന പദ്ധതികൾ അനുവദിക്കുന്നില്ലെന്ന് മാത്രമല്ല നിലവിലുള്ളവ നിലനിർത്താൻ സമ്മർദ്ദം ചെലുത്തേണ്ട ഗതികേടാണ് കേരളത്തിന് വന്നുകൊണ്ടിരിക്കുന്നത്. ജനസംഖ്യാനുപാതത്തിലുള്ള റെയിൽവേ വികസന പ്രവർത്തനങ്ങൾ കേരളത്തിന് ലഭ്യമാക്കണം. റെയിൽവേയുടെ കാര്യത്തിൽ കേരളത്തോടുള്ള അവഗണനയ്ക്കെതിരെ കൂട്ടായി പ്രവർത്തിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: പ്രമേയത്തെ പിൻതാങ്ങുന്നു. റെയിൽവേ സോൺ ഇല്ലാത്ത അപൂർവ്വം സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേരളത്തിലോടുന്ന തീവണ്ടികളിൽ ഗുണനിലവാരമുള്ള കോച്ചുകൾ നൽകണം. എ.സി. കോച്ചുകൾപോലും ചോർന്നൊലിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. തിരുവനന്തപുരം - എറണാകുളം പാത ഇരട്ടിപ്പിക്കൽ പൂർത്തിയാക്കാൻ മുൻകൈയെടുക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: കേരളത്തിലെ റെയിൽവേ വികസനത്തെ സംബന്ധിച്ച് നടന്ന കാര്യമാത്ര പ്രസക്തമായ . ചർച്ചകളെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്. കേരളത്തിൽ നിലവിലുള്ള റെയിൽവേ സംവിധാനം തമിഴ്നാട്ടിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച് സഭ ശക്തമായി പ്രതികരിച്ചതിന് ഫലമുണ്ടായിട്ടുണ്ട്. ചർച്ചകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി നാളെ (30-6-2007-ന്) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരളത്തിൽ നിന്നുള്ള കേന്ദ്ര മന്ത്രിമാരുടേയും എം.പി-മാരുടേയും ഒരു

അടിയന്തിര യോഗം വിളിച്ചു ചേർക്കുകയാണ്. ചീഫ് എഞ്ചിനീയർ ഓഫീസ് മാറ്റിയതുപോലെ റെയിൽവേ റിക്രൂട്ട്മെന്റ് ആഫീസ് മാറ്റാനും തിരുവനന്തപുരം ഡിവിഷന്റെ പരിധി വെട്ടിക്കുറച്ച് തിരുനെൽവേലി ഡിവിഷൻ രൂപീകരിക്കാനുമുള്ള ഗൂഢാലോചനകളെ സംബന്ധിച്ച് പ്രസ്തുത യോഗത്തിൽ ഇതെല്ലാം ചർച്ച ചെയ്യുന്നതാണ്. കൂടാതെ ഭരണ - പ്രതിപക്ഷ വ്യത്യാസമില്ലാതെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഡെലിഗേഷൻ ഡെൽഹിയിൽ പോയി പ്രധാനമന്ത്രിയേയും റെയിൽവേ വകുപ്പു മന്ത്രിയേയും കാണാനുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്.. പുതിയ പ്രശ്നങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഗൗരവതരമായി കാണണം. റെയിൽവേയുടെ കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിന് എം.പി. മാർ ഉൾപ്പെടുന്ന മോണിറ്ററിംഗ് സെൽ കേരളത്തിൽ രൂപീകരിക്കേണ്ടതുണ്ട്. ഈ വികാരങ്ങളെല്ലാം കണക്കിലെടുത്ത് താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

“റെയിൽവേ വികസനത്തിൽ കേരളത്തോടുള്ള അവഗണന ഈ സഭ പലപ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള ഈ സംസ്ഥാനത്തോട് റെയിൽവേ മന്ത്രാലയം നീതി പുലർത്തിയിട്ടില്ല. മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ കേരളം വളരെ പിന്നിലാണ്.

കേരളത്തിലെ റെയിൽവേയുടെ പ്രവർത്തനം തിരുവനന്തപുരം, പാലക്കാട് എന്നീ റെയിൽവേ ഡിവിഷനുകളുടെ കീഴിലാണ്. ഈ രണ്ട് ഡിവിഷനുകളെയും ചെന്നൈ ആസ്ഥാനമായുള്ള ദക്ഷിണ റെയിൽവേയുടെ കീഴിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പാത ഇരട്ടിപ്പിക്കൽ,

വൈദ്യുതീകരണം എന്നിവയുടെ കാര്യത്തിൽ ഈ രണ്ട് ഡിവിഷനുകളും വളരെ പിന്നിലാണ്. മംഗലാപുരം-ഷൊർണ്ണൂർ പാത ഇരട്ടിപ്പിക്കൽ ഏതാണ്ട് പൂർത്തിയായെങ്കിലും വൈദ്യുതീകരണം ആരംഭിച്ചിട്ടില്ല. ഏറ്റവും കൂടുതൽ ട്രാഫിക്കുള്ള എറണാകുളം-കായംകുളം റെയിൽപ്പാത (ആലപ്പുഴ-കോട്ടയം വഴി) ഇരട്ടിപ്പിക്കൽ ഇനിയും ബാക്കിയാണ്. തിരുവനന്തപുരം-തിരുനെൽവേലി റെയിൽപ്പാതയുടെ ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും ഇനിയും ആരംഭിച്ചിട്ടില്ല. കേരളത്തിന്റെ ആദ്യ റെയിൽപ്പാതയായ കൊല്ലം-ചെങ്കോട്ട മീറ്റർഗേജായി തുടരുന്നു. അടുത്തിടെ, അതിലൂടെയുള്ള സർവ്വീസും നിർത്തിവച്ചിരിക്കുന്നു. പാത ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും പൂർത്തിയായാൽ മാത്രമേ കേരളത്തിൽ റെയിൽവേ വികസനം സാദ്ധ്യമാവുകയുള്ളു. ശബരി റെയിൽപ്പാത, ഗുരുവായൂർ - താനൂർ റെയിൽപ്പാത എന്നിവ നിശ്ചലാവസ്ഥയിലാണ്. പുതിയ റെയിൽവേ ലൈനുകളും പുതിയ സർവ്വേകളും ആരംഭിക്കേണ്ടതാണ്.

അതിനിടയിലാണ് കേരളത്തിലെ പാലക്കാട് ആസ്ഥാനമായ റെയിൽവേ ഡിവിഷൻ വെട്ടിമുറിച്ച് പുതിയ സേലം ഡിവിഷൻ രൂപീകരിക്കുവാനുള്ള ശ്രമവും, കേരളത്തിലുള്ള അനുബന്ധ ഓഫീസുകൾ ചെന്നൈയിലേക്ക് മാറ്റുന്നതിനുള്ള നീക്കവും നടക്കുന്നു എന്നത് ഈ അവഗണനയ്ക്ക് ആക്കം കൂട്ടുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റെയിൽവേയുടെ വികസനം ലക്ഷ്യം വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ, നിരവധി പരിശ്രമങ്ങൾ നടത്തിയതിന്റെ ഫലമായി, ഇദംപ്രഥമമായി ഈ വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് മോശമല്ലാത്ത പരിഗണന ലഭിച്ചു. തിരുവനന്തപുരം റെയിൽവേസ്റ്റേഷൻ ലോക നിലവാരത്തിലേക്ക്

ഉയർത്തുക, ആലപ്പുഴയിലെ കോച്ചുഫാക്ടറി, കൊല്ലത്തെ എം.ഇ.എം.യു കാർഷെഡ്, കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ നവീകരണം, കൊച്ചുവേളി ടെർമിനലിന്റെ വിപുലീകരണം, പാത ഇരട്ടിപ്പിക്കലിനുവേണ്ടി നീക്കിവച്ച 138 കോടി രൂപ, നഞ്ചങ്കോട്- നിലമ്പൂർ, മൈസൂർ-തലശ്ശേരി എന്നീ ലൈനുകളുടെ സർവ്വേ, തിരുവനന്തപുരം-മുംബൈ, ഗരീബ്രഥ് എന്നിവ ഇവയിൽ ഉൾപ്പെടും. എന്നിരുന്നാലും, രാജ്യത്തെ തെക്കേ അറ്റത്തെ ഒരു സംസ്ഥാനം എന്ന നിലയിലും ഏറ്റവും അധികം മലയാളികൾ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നു എന്നതിനാലും കേരളത്തിലെ റെയിൽവേയുടെ വികസനത്തിന് വളരെ പ്രാധാന്യമുണ്ട്. യാത്രാവരുമാനത്തിന്റെ കാര്യത്തിൽ കേരളം മുൻപന്തിയിലാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിലും റെയിൽവേയ്ക്ക് പ്രാധാന്യമേറെയാണ്. വളർന്നു വരുന്ന ഒരു വിനോദ സഞ്ചാര സംസ്ഥാനമെന്ന നിലയിലും കേരളത്തിന് പ്രത്യേക പരിഗണന ആവശ്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നും കേരളത്തിന്റെ പ്രധാന ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം തുടങ്ങിയവയും 2007-2008 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും അടിയന്തിരമായി ആരംഭിക്കണമെന്നും സമയബന്ധിതമായി പുർത്തിയാക്കണമെന്നും കേരള നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.

ശ്രീ. വി.എസ് സുനിൽ കുമാർ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി.

(2). <u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു

"റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ആലപ്പുഴയിലെ റെയിൽ കോച്ച് ഫാക്ടറി, "മുംബൈ - തിരുവനന്തപുരം, ഗരീബ്രഥ്, നഞ്ചൻകോട് -നിലമ്പൂർ, തലശ്ശേരി-മൈസൂർ, ദിണ്ടിഗൽ-കുമളി എന്നീ റെയിൽ പാതകൾക്കായി സർവ്വേ നടത്തൽ, കേരളത്തിലേയ്ക്ക് നിലവിലുള്ള ട്രെയിനുകളുടെ സർവ്വീസ് നീട്ടൽ, കൊല്ലത്ത് ഇലക്ട്രിക്കൽ മൾട്ടിപ്പിൾ യൂണിറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികളിൽ ഒന്നിന്റെയും പ്രാരംഭ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. തിരുവനന്തപുരത്ത് പ്രതിമാസം 100 കോച്ചുകളെങ്കിലും അറ്റകുറ്റപ്പണി ചെയ്യാവുന്ന തരത്തിലുള്ള ഒരു വർക്ക്ഷോപ്പ്, പെനിൻസുലാർ റെയിൽവേസോൺ രൂപീകരിക്കൽ എന്നീ ആവശ്യങ്ങളും കേരളം മുന്നോട്ട് വച്ചിട്ടുള്ളതാണ്. കൂടാതെ പാതയിരട്ടിപ്പിക്കൽ, പാതകളുടെ വൈദ്യുതീകരണം, മേൽപ്പാലങ്ങളുടെ നിർമ്മാണം, തിരുവനന്തപുരം റെയിൽവേസ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലാക്കൽ, സ്റ്റേഷനുകളുടെ നവീകരണം തുടങ്ങിയ ജോലികൾ വളരെ മന്ദഗതിയിലാണ് നടക്കുന്നത്. പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ ഉടനടി ആരംഭിക്കണമെന്നും നിർമ്മാണത്തിലുള്ളവ സമയബന്ധിതമായി പൂർത്തിയാക്കത്തക്ക വിധത്തിൽ പണികൾ ത്വരിതപ്പെടുത്തണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

<u>ശ്രീ. വി. ശിവൻകുട്ടി</u> : പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: ഇൻഡ്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് ഇൻഡ്യൻ റെയിൽവേ. മൊത്തം 6300 കിലോമീറ്റർ റെയിൽപ്പാതയുള്ളതിൽ ഒരു ശതമാനം മാത്രമാണ് കേരളത്തിലുള്ളത്. വരുമാനത്തിന്റെ കാര്യത്തിൽ കേരളം മുന്നിലാണ്. ചരക്കുഗതാഗതത്തിൽ നിന്നുള്ള വരുമാനവും കേരളത്തിൽ കൂടുതലാണ്. കേരളത്തോടുള്ള അവഗണനയ്ക്കെതിരെ ശക്തമായ പ്രതിഷേധം ഉണ്ടാകണം. കേരളത്തിൽ നിന്നുള്ള എം.പി മാരും മന്ത്രിമാരും കക്ഷി രാഷ്ട്രീയത്തിനതീതമായി സമ്മർദ്ദം ചെലുത്തണം.

ശ്രീ. വി. ശിവൻകുട്ടി: പന്ത്രണ്ടാം കേരള നിയമസഭയിൽ റെയിൽവേയുടെ കാര്യത്തിൽ പാസ്സാക്കിയ പ്രമേയങ്ങൾക്ക് കേന്ദ്ര. റെയിൽവേ മന്ത്രാലയം വേണ്ടത്ര പരിഗണന നൽകിയിട്ടില്ല. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് പ്രതിഷേധം രേഖപ്പെടുത്തുകയും നാളെ നടക്കുന്ന സർവ്വകക്ഷി യോഗം തീരുമാനങ്ങളെടുക്കുകയും ജനകീയ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുകയും വേണം.

ശ്രീ. എം. മുരളി : പ്രമേയത്തെ പിൻതാങ്ങുന്നു. ചീഫ് എഞ്ചിനീയർ ആഫീസ് തിരുവനന്തപുരത്തുനിന്ന് മാറ്റാനുള്ള തീരുമാനം പെന്റിംഗിൽ വച്ചിട്ടേയുള്ളു. തിരുവനന്തപുരം ഡിവിഷൻ വെട്ടിമുറിച്ച് തിരുനെൽവേലി ഡിവിഷൻ രൂപീകരിക്കാനും റെയിൽവേ റിക്രൂട്ട്മെന്റ് ആഫീസ് ചെന്നൈയിലേയ്ക്ക് മാറ്റാനുമുള്ള നീക്കങ്ങളെ പരാജയപ്പെടുത്തണം. കഴിഞ്ഞ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏഴ് പുതിയ പാതകൾക്കുള്ള സർവ്വേയിൽ മൂന്നെണ്ണം സമാന്തരമായി തമിഴ്നാട്ടിൽ നടന്നുകൊണ്ടിരിക്കുകയാണ്. രണ്ടെണ്ണം നഷ്ടമാണെന്നു പറഞ്ഞ് നേരത്തെ

ഉപേക്ഷിച്ചതാണ്. ഇതെല്ലാം കണക്കിലെടുത്ത് പുതിയ പ്രോപ്പോസൽ സമർപ്പിക്കണം.

ശ്രീ. ബാബു പോൾ: പ്രമേയത്തെ പിൻതാങ്ങുന്നു. പ്രാദേശിക താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകുന്ന ഭരണാധികാരികളുടെ സങ്കുചിത മനോഭാവത്തിന്റെ പരിണിതഫലങ്ങളാണ് റെയിൽവേയുടെ കാര്യത്തിൽ കേരളം ഇന്ന് അനുഭവിക്കുന്നത്. അതിനെ ചെറുത്തുനിൽക്കാൻ കൂട്ടായ പരിശ്രമം നടത്തണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : പ്രമേയത്തെ പിൻതാങ്ങുന്നു. പ്ലാറ്റ്ഫോമുകൾക്ക് മേൽക്കൂരയുണ്ടാക്കാനും ഗുണനിലവാരമുള്ള കോച്ചുകൾ അനുവദിക്കാനും ആവശ്യപ്പെടണം. കേരളത്തിൽ ഒരു കോച്ച് ഫാക്ടറി സ്ഥാപിച്ചു കിട്ടാൻ സമ്മർദ്ദം ചെലുത്തണം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: പ്രമേയത്തെ പിൻതാങ്ങുന്നു. കേരളത്തോടുള്ള റെയിൽവേ അവഗണന അവസാനിപ്പിക്കാൻ സംസ്ഥാനത്തു നിന്നുള്ള കേന്ദ്ര മന്ത്രിമാർ ശക്തിയായി പ്രതികരിക്കണം.

ശ്രീ. ജോസ് തെറ്റയിൽ : പ്രമേയത്തെ പിൻതാങ്ങുന്നു. എറണാകുളം-തൃശ്ശൂർ സെക്ടറിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഇ.എം.യു ആരംഭിക്കാനും എറണാകുളം പുഷ്പുൾ ട്രെയിനിൽ കൂടുതൽ കോച്ചുകൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : പ്രമേയത്തെ പിൻതാങ്ങുന്നു. റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ കക്ഷിവ്യത്യാസങ്ങൾ മറന്ന് കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി പോരാടണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഒരു പുതിയ പ്രമേയത്തിന് പ്രസക്തി ഇല്ല.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

3. ശ്രീമതി ഇ.എസ്. ബിജിമോൾ: "കേരളത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 12.25 -ലക്ഷത്തിൽ കവിയാൻ പാടില്ല എന്നാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ദരിദ്ര കുടുംബങ്ങളുടെ എണ്ണത്തിന് പരിധി നിശ്ചയിച്ച ശേഷം അതനുസരിച്ച് ലിസ്റ്റ് തയ്യാറാക്കുവാൻ ആവശ്യപ്പെടുന്നത് നീതിക്ക് നിരക്കാത്തതും യുക്തിരഹിതവുമാണ്. ഈ നിർദ്ദേശം നടപ്പിലാക്കിയാൽ പട്ടിണിപ്പാവങ്ങളായ ലക്ഷക്കണക്കിന് കുടുംബങ്ങളുടെ അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടാനിടയാകും. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ മാത്രമല്ല, റേഷൻ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കാണ്. ഈ സാഹചര്യത്തിൽ അർഹതപ്പെട്ടവരെ ഒഴിവാക്കി ലിസ്റ്റ് തയ്യാറാക്കാനുള്ള കേന്ദ്ര നിർദ്ദേശം പിൻവലിച്ച് അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തി ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു". എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി.എസ് സുനിൽകുമാർ : പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : പ്രമേയം തുടർ ചർച്ചയ്ക്ക് എടുക്കുന്നതാണ്.

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.